# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.102 — 12.06.2014 ൽ മറുപടിക്ക്

**കേന്ദ്ര സിലബസ് പിന്തുടരുന്ന സ്കൂളുകളിലെ പുസ്തകങ്ങളുടെ അമിത വില**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ്ജ്<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ സിലബസ് പിന്തുടരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾ ഉത്തരേന്ത്യൻ പ്രസാധകരുടെ പുസ്തകങ്ങൾ അമിത വില നൽകി വാങ്ങേണ്ടി വരുന്നതായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഒരേ എഡിഷനിലുള്ള പാഠപുസ്തകങ്ങൾക്ക് വിവിധ സി.ബി.എസ്.ഇ.,ഐ.സി.എസ്.ഇ സ്കൂളുകൾ ഈടാക്കുന്ന തുകയുടെ അന്തരം സംബന്ധിച്ച് പത്രമാധ്യമങ്ങൾ പുറത്തുവിട്ട അന്വേഷണാത്മക റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ നിജസ്ഥിതി അന്വേഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;<br><br>(സി) കേന്ദ്ര സിലബസുകൾ പിന്തുടരുന്ന സ്കൂളുകളിലെ പാഠ്യ പുസ്തകങ്ങളുടെ വില നിശ്ചയിക്കുന്നതിനും നിരീക്ഷിക്കുന്നതിനും എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്;<br><br>(ഡി) കേന്ദ്ര സിലബസ് പിന്തുടരുന്ന സ്കൂളുകൾ വിദ്യാർത്ഥികൾക്ക് നൽകുന്ന പുസ്തകങ്ങളുടെ വില ഏകീകരിയ്ക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ? | (ബി), (സി) & (ഡി) ഇൻഡ്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സിലബസ് പ്രകാരം അദ്ധ്യയനം നടത്തുന്ന സ്കൂളുകളിലെ ഒന്നു മുതൽ 12 വരെയുള്ള ക്ലാസ്സുകളിലേക്ക് ആവശ്യമായ സിലബസ് തയ്യാറാക്കുന്നതും പാഠപുസ്തകങ്ങളുടെ വില നിശ്ചയിക്കുന്നതും നിലവിൽ പൂർണ്ണമായും കേന്ദ്ര സർക്കാരിന് കീഴിലുള്ള സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ ബോർഡുകളാണ്. തൻമൂലം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകൾക്കും പ്രസ്തുത ബോർഡുകൾ നിഷ്കർഷിക്കുന്ന പ്രസാധകരുടെ പുസ്തകങ്ങൾ വാങ്ങേണ്ടതായി വരുന്നു. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലായതിനാൽ ഈ സിലബസ് പിന്തുടരുന്ന സ്കൂളുകളിലെ |

പാഠപുസ്തകങ്ങളുടെ വില നിശ്ചയിക്കുന്നതിനും നിരീക്ഷിക്കുന്നതിനും നടപടിയെടുക്കുന്നതിനും സംസ്ഥാന സർക്കാരിന് നിലവിൽ സംവിധാനമില്ല. എങ്കിലും ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

Jaya Rani

സെക്ഷൻ ഓഫീസർ